നമ്പർ. എച്ച്2/25700/2015

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി : 17.08.2015

**സർക്കുലർ**

വിഷയം : പൊതുവിദ്യാഭ്യാസം - തസ്തിക നിർണയം 2015-16 – സംബന്ധിച്ച്.

സൂചന : 1). 6-8-2015 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 213/2015/പൊ.വി.വ.
2). 5-8-2015 ലെ ജി.ഒ. (പി) നം. 209/15/പൊ.വി.വ.
3). 11-8-2011 ലെ ജി.ഒ.(പി) നം. 154/14/പൊ.വി.വ.

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 2015-16 വർഷത്തെ തസ്തിക നിർണയം നടത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ സൂചന (1) ഉത്തരവ് വഴി സർക്കാർ പുറപ്പെടുവിച്ചുകഴിഞ്ഞു. കൂടാതെ 2015-16 അധ്യയന വർഷത്തിലെ തസ്തിക നിർണയം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് 2015 സെപ്റ്റംബർ 14 വരെ സമയം ദീർഘിപ്പിച്ചുകൊണ്ട് സൂചന (2) പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുമുണ്ട്. ടി സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളുടെയും തസ്തിക നിർണയം 2015 സെപ്റ്റംബർ 14 നുള്ളിൽതന്നെ പൂർത്തിയാക്കേണ്ടതാണ്. ടി വിഷയത്തിലുള്ള നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സൂചന (1) ഉത്തരവിലെ II (3) പ്രകാരം 2011-12 മുതൽ അധിക തസ്തികകളിൽ നിയമിക്കപ്പെട്ടവർക്ക് കെ.ഇ.ആർ വ്യവസ്ഥ പ്രകാരം 1:45 അനുപാതത്തിൽ അംഗീകാരം നൽകാൻ നിർദേശിക്കുന്നുണ്ട്. അതിനാൽ 2011-12 മുതൽ അധിക തസ്തികകൾക്ക് സാധ്യതയുള്ള സ്കൂളുകളിൽ വിദ്യാഭ്യാസ ഓഫീസർമാർ ഉന്നതതല പരിശോധന നടത്തേണ്ടതാണ്. ടി പരിശോധനയിൽ ആറാം സാധ്യായ ദിനത്തിൽ റോളിലുള്ള കുട്ടികളുടെ യു.ഐ.ഡി/ഇ.ഐ.ഡി രേഖകളും, പ്രധാനാധ്യാപകനും മാനേജരും ഒപ്പിട്ട ഡിക്ലറേഷനും മറ്റു റെക്കോഡുകളും പരിശോധിച്ച് 1:45 അനുപാതത്തിൽ കുട്ടികൾ ലഭ്യമാണെങ്കിൽ അധിക തസ്തികകൾ അനുവദിക്കാവുന്നതാണ്. എന്നാൽ അത്തരം സ്കൂളുകളിൽ സൂപ്പർ ചെക്ക് സെല്ലും ഡി.പി.ഐ ആഫീസിലെ ഇൻസ്പെക്ഷൻ വിഭാഗവും പരിശോധന നടത്തുന്നതും ഡിക്ലറേഷൻ തെറ്റാണെന്ന് ബോധ്യപ്പെടുന്ന പക്ഷം തക്കതായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതുമാണ്.

2. 2010-11 ൽ നിലവിലുണ്ടായിരുന്ന തസ്തികകളിൽ 2011-12 മുതൽ 2014-15 വരെയുള്ള വർഷങ്ങളിലെ രാജി, മരണം, റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലംമാറ്റം എന്നീ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് 1 മുതൽ 4 വരെ ക്ലാസുകളിൽ 1:30 ഉം 5 മുതൽ 10 വരെ ക്ലാസുകളിൽ 1:35 ഉം അനുപാതമനുസരിച്ച് തസ്തികകൾ ലഭ്യമാണെങ്കിൽ അംഗീകാരം നൽകാവുന്നതാണ്. 2010-11 വർഷത്തെ തസ്തിക നിർണയം അടിസ്ഥാനമാക്കി 2011-12 മുതൽ 2014-15 വരെ നടത്തിയ സ്ഥിരം നിയമനങ്ങൾക്ക് പ്രാബല്യമുണ്ടായിരിക്കുന്നതും 2010-11 ലെ തസ്തിക നിർണയം പ്രകാരമുള്ള തസ്തികകൾ മേൽ പറഞ്ഞവിധം 2014-15 വരെ തുടരുന്നതുമാണ്.

3. 2015-16 വർഷത്തെ ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ യു.ഐ.ഡി/ഇ.ഐ.ഡി ആധാരമാക്കി കെ.ഇ.ആർ പ്രകാരം 1:45 അധ്യാപക വിദ്യാർഥി അനുപാതത്തിലാണ് ഈ വർഷം തസ്തികകൾ അനുവദിക്കേണ്ടത്. യു.ഐ.ഡി/ഇ.ഐ.ഡി നമ്പർ പിൽക്കാലത്ത് ലഭിച്ചതാണെങ്കിൽപോലും ആറാം സാധ്യായ ദിനത്തിൽ കുട്ടി റോളിലുണ്ടായിരുന്നാൽ തസ്തിക നിർണയത്തിന് കണക്കിലെടുക്കാം. യു.ഐ.ഡി/ഇ.ഐ.ഡി നമ്പർ ലഭ്യമല്ലാത്ത

കുട്ടികൾ ഉണ്ടെങ്കിൽ ഇത്തരം കുട്ടികളുടെ നിജസ്ഥിതി സംബന്ധിച്ച് പ്രധാനാധ്യാപകൻ ഒപ്പിട്ട് മാനേജർ മേലൊപ്പ് പതിച്ച് കുട്ടികളുടെ പേര്, അഡ്മിഷൻ നമ്പർ, ക്ലാസ്, ഡിവിഷൻ, ജനനതീയതി, രക്ഷിതാവിന്റെ പേര്, മേൽവിലാസം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഡിക്ലറേഷൻ ലഭ്യമാക്കിയാൽ ടി വിദ്യാർഥികളെയും തസ്തിക നിർണയത്തിന് കണക്കിലെടുക്കാം. തസ്തിക നിർണയ ഉത്തരവിൽ മുൻ വർഷത്തെ ഡിവിഷനുകളുടെയും തസ്തികകളുടെയും വിവരങ്ങൾ രേഖപ്പെടുത്തേണ്ട സ്ഥാനത്ത് 2010-11 ലെ വിവരങ്ങൾ രേഖപ്പെടുത്തിയാൽ മതിയാകും.

4. എയ്ഡഡ് അധ്യാപകരുടെ 2015-16 മുതലുള്ള നിയമനങ്ങൾക്ക് മാനേജർമാർ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. സർക്കാർ അനുമതി വാങ്ങിയ ശേഷം മാത്രമേ നിയമനം നടത്തുവാൻ മാനേജ്മെന്റിന് അധികാരമുണ്ടായിരിക്കുകയുള്ളൂ. അതിനാൽ 2015-16 ലെ തസ്തിക നിർണയത്തിനുശേഷം അർഹതയുള്ളതായി കാണുന്ന തസ്തികകളിലെ നിയമനത്തിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. 2015-16 ലെ തസ്തിക നിർണയത്തിൽ അധിക ഡിവിഷനുകൾക്ക് സാധ്യതയുള്ള പ്രൈമറി സ്കൂളുകളിൽ അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഹൈസ്കൂളിൽ അതത് വിദ്യാഭ്യാസ ഉപഡയറക്ടർമാരും സെപ്തംബർ 30 നകം ഉന്നതതല പരിശോധന നടത്തി അധിക ഡിവിഷനുകൾക്ക് അർഹതയുള്ള സ്കൂളുകളിലെ യു.ഐ.ഡി രേഖകൾ പ്രകാരം അനുവദനീയമായ തസ്തികകളുടെ വിവരം വെരിഫൈയിംഗ് ഓഫീസർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന സർക്കാരിനെ അറിയിക്കേണ്ടതാണ്.

6. 2015-16 അധ്യയന വർഷത്തിലെ തസ്തിക നിർണയത്തിനുശേഷം അതത് സ്കൂളുകളിൽ ഒഴിവുവരുന്ന ഹെഡ് ടീച്ചർ ഒഴിവുകളിൽ അതത് സ്കൂളിൽ സൂചന (1) ഉത്തരവ് I ലെ 1 മുതൽ 5 വരെ വിഭാഗങ്ങളിലുള്ള അധ്യാപകരുണ്ടെങ്കിൽ അവരെ സീനിയോറിറ്റി അടിസ്ഥാനത്തിൽ നിലനിർത്തേണ്ടതാണ്. താഴെപ്പറയും പ്രകാരം വിദ്യാർഥികളുടെ എണ്ണമുള്ള സ്കൂളുകളിലെ പ്രഥമാധ്യാപകരെയാണ് ക്ലാസ് ചാർജിൽനിന്നും ഒഴിവാക്കാവുന്നത്.

i) 1 മുതൽ 5 വരെ ക്ലാസുകൾ ഉള്ള എൽ.പി. സ്കൂൾ - 150 ൽ അധികം കുട്ടികൾ

ii) 6 മുതൽ 8 വരെ ക്ലാസുകൾ ഉള്ള യു.പി. സ്കൂൾ - 100 ൽ അധികം കുട്ടികൾ

7. മേൽ നിർദേശിച്ച പ്രകാരം അധ്യാപകരെ നിലനിർത്തിയതിനുശേഷം പുറത്താകുന്ന സംരക്ഷിതാധ്യാപകരുടെ ലിസ്റ്റ് വിദ്യാഭ്യാസ ഓഫീസർമാർ തയാറാക്കി വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് അയച്ചുനൽകേണ്ടതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ ടി ലിസ്റ്റ് ക്രോഡീകരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുനൽകേണ്ടതാണ്.

8. സർക്കാർ സ്കൂളുകളിൽ റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ അതത് വിദ്യാഭ്യാസ ഉപഡയറക്ടർ സംരക്ഷിതാധ്യാപകരുടെ ലിസ്റ്റ് തയാറാക്കി സമർപ്പിക്കേണ്ടതാണ്. എയ്ഡഡ് സ്കൂളുകളിൽ മാനേജ്മെന്റ് അടിസ്ഥാനത്തിൽ ഹെഡ് ടീച്ചർ ഒഴിവിൽ അധ്യാപകരെ നിലനിർത്തിയതിനുശേഷം സംരക്ഷിതാധ്യാപകരുടെ ലിസ്റ്റ് ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തയാറാക്കി വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകേണ്ടതും വിദ്യാഭ്യാസ ഉപഡയറക്ടർമാർ റവന്യൂ ജില്ലാടിസ്ഥാനത്തിലുള്ള സംരക്ഷിതാധ്യാപകരുടെ ലിസ്റ്റ് തയാറാക്കേണ്ടതുമാണ്. എയ്ഡഡ് സ്കൂൾ ലിസ്റ്റിൽ 2015-16 ലെ തസ്തിക നിർണയ പ്രകാരം തസ്തിക നഷ്ടം വന്ന് പുറത്തുപോകുന്നവരിൽ സൂചന (1) ഉത്തരവിലെ I ലെ 1 മുതൽ 5 വരെ വിഭാഗത്തിൽ ഉൾപ്പെടുന്നവരും സർക്കാർ സ്കൂൾ സംരക്ഷിതാധ്യാപകരുടെ ലിസ്റ്റിൽ ഈ

വർഷം തസ്തിക നഷ്ടം വന്ന് പുറത്തുപോകുന്ന റവന്യൂജില്ലാടിസ്ഥാനത്തിലുള്ള സർക്കാർ അധ്യാപകരേയും ഉൾപ്പെടുത്തേണ്ടതാണ്. കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ കീഴിലുള്ള സ്കൂളുകളിലെ തസ്തിക നഷ്ടപ്പെട്ട് പുറത്താകുന്ന അധ്യാപകരെ ടി മാനേജ്മെന്റിന് കീഴിലുള്ള ഹെഡ് ടീച്ചർ ഒഴിവിലും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ചതിനുശേഷം സംരക്ഷിതാധ്യാപകരുടെ ലിസ്റ്റ് മാനേജർമാർ തയാറാക്കി എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകേണ്ടതാണ്.

9. അൺ ഇക്കണോമിക് സ്കൂളുകളിൽ മിനിമം അധ്യാപകരുടെ എണ്ണം ഉറപ്പാക്കി തസ്തിക നിർണയം നടത്തേണ്ടതാണ്.

10. തസ്തിക നിർണയത്തിനുശേഷമുള്ള തസ്തികകളുടെ എണ്ണം ശേഖരിക്കുന്നതിനായി മൂന്ന് മാതൃകാ ഫോറങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

| | | | |
|---|---|---|---|
| i) | Proforma SF I | - | സർക്കാർ എയ്ഡഡ് സ്കൂളുകളിലെ തസ്തികകളെ സംബന്ധിച്ച സ്കൂൾതല വിവരങ്ങൾ രേഖപ്പെടുത്തി എ.ഇ.ഒ/ഡി.ഇ.ഒ. ഓഫീസുകളിൽ സൂക്ഷിക്കുക. |
| ii) | Proforma SF II | - | അനുവദിക്കപ്പെട്ട തസ്തികകളുടെ ഉപജില്ലാ/ ജില്ലാതല ക്രോഡീകരണമാണ് ഇതിൽ നടത്തേണ്ടത്. ക്രോഡീകരിച്ച ഫോറങ്ങൾ 22.09.2015 തീയതിക്കുമുമ്പായി വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. |
| iii) | Proforma SF III | - | റവന്യൂ ജില്ലാതല ക്രോഡീകരണമാണ് ഇതിലുള്ളത്. ക്രോഡീകരിച്ച വിവരങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ 28.09.2015 തീയതിക്ക് മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ എച്ച്, സീക്രട്ട് സെക്ഷനുകളിലേക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്. |

സൂചന (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി മാത്രമേ നിയമനാംഗീകാരങ്ങൾ നൽകുവാൻ പാടുള്ളൂ. പുനർവിന്യാസം ഉൾപ്പെടെയുള്ള കൂടുതൽ നിർദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

M S Jaya

**എം. എസ്. ജയ ഐ.എ.എസ്**

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

4. എല്ലാ പ്രഥമാധ്യാപകർക്കും (എ.ഇ.ഒ/ഡി.ഇ.ഒ-മാർ മുഖാന്തിരം)
5. എല്ലാ സ്കൂൾ മാനേജർമാർക്കും (എ.ഇ.ഒ/ഡി.ഇ.ഒ-മാർ മുഖാന്തിരം)

പകർപ്പ്

1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പെഴ്സണൽ അസിസ്റ്റന്റ്
2. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ സി.എ-മാർക്ക്
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
4. പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറുടെ സി.എ
5. സൂപ്പർചെക്ക് സെൽ ഓഫീസർ
6. ഡയറക്ടറേറ്റിലെ ഇ.റ്റി, ഇ.എം., ഇ.സി., എഫ്.ജി, ആർ.എ., എസ്.സി. സെക്ഷൻ സൂപ്രണ്ടുമാർക്കും, യൂണിറ്റ് ഓഫീസർമാർക്കും.
7. കരുതൽ ഫയൽ